(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014 ഡിസംബർ മാസത്തോടെയാണ് പൂർത്തികരിക്കേണ്ടിയിരുന്നത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഏഴാറ്റുമുഖം പ്രദേശത്ത് സ്ഥലം കിട്ടാതിരുന്നതിനാലും പ്ലാന്റേഷൻ കോർപ്പറേഷന്റേയും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും ക്ലിയറൻസ് ആവശ്യമായിരുന്നതിനാലുമാണ് കാലതാമസമുണ്ടായത്.

(സി) പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുവള്ളൂർ വീരമലകുന്നിൽ ടൂറിസം പദ്ധതി

334 (1032) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുവള്ളൂർ വീരമലകുന്നിൽ ടൂറിസം പദ്ധതി ആരംഭിക്കുമെന്നും ഇതിനായി 2 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിരുന്നുവെങ്കിലും വർഷങ്ങൾകഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ഈ പദ്ധതി പ്രദേശം വനം വകുപ്പിന്റെ അധീനതയിലുള്ളതായതിനാൽ വനം വകുപ്പിന്റെ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

335 (1033) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ഭരണാനുമതി എന്ന് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിലേക്ക് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് നൽകിയിട്ടുള്ളത് ആരെയാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാളിതുവരെ പ്രസ്തുത ഏജൻസി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുവാനും കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കുവാനും സന്നദ്ധമാകുമോ ;

(ഇ) നിലവിൽ അനുമതി നൽകിയതിനുപരിയായി കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 22-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ മൈനർ ഇറിഗേഷൻ ഡിവിഷനെയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി&ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൂടാതെ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

(ഇ) പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

പൂർത്തീകരിക്കാത്ത ടൂറിസം പദ്ധതികൾ

336 (1034) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ വർക്കുകളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യിട്ടില്ലാത്തവ എത്ര ; അവയുടെ മൊത്തം ഭരണാനുമതി തുക എത്ര ; അവയിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ പദ്ധതികൾ എത്ര ; തുക എത്ര ; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ കേന്ദ്രാനുമതി ലഭിച്ച ഏതെങ്കിലും ടൂറിസം പദ്ധതി, പിന്നീട് വേണ്ടെന്നുവയ്ക്കുകയും കേന്ദ്രം അനുവദിച്ച തുക തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ടോ ; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly